ഒരു സംസ്ഥാന പദ്ധതി നിലവിലുണ്ട്. ഇപ്രകാരം 55 വയസ്സിനു മുകളിൽ പ്രായമുള്ള സാധുവൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നുണ്ട്. ഓരോ അന്തേവാസിക്കും പ്രതിമാസം 100 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു. വൃദ്ധ ജനങ്ങളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ഗ്രാന്റ് നൽകുന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

അനാഥാലയങ്ങളുടെ പ്രവർത്തനം

43 (1386)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മേഖലയിലുള്ള അനാഥാലയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അനാഥാലയങ്ങളിലോരോന്നിലുമുള്ള അംഗസംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ അനാഥാലയത്തിനും സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും എന്തു തുക പ്രതിവർഷം ലഭിക്കുന്നു എന്നതിന്റെ കണക്ക് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അനാഥാലയങ്ങളിൽ ഓഡിറ്റ് നടത്തുന്നതാരാണ്; ഏതെങ്കിലും ഓഡിറ്റ് റിപ്പോർട്ടിൽ അനാഥാലയങ്ങളിൽ അഴിമതി നടന്നതായി പറയുന്നുണ്ടോ; എങ്കിൽ ഏതൊക്കെ അനാഥാലയങ്ങൾ ആണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അധീനതയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതുമായ അനാഥാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(ബി)&(സി) വിവരം രേഖരിച്ചു നൽകുന്നതാണ്.

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് അനാഥാലയങ്ങളുടെ ആഡിറ്റ് നടത്തുന്നത്. ആഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും അനാഥാലയങ്ങളിൽ അഴിമതി നടന്നതായിട്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

അനാഥാലയങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

44 (1387)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥാലയങ്ങളിലേയും വൃദ്ധമന്ദിരങ്ങളിലെയും അന്തേവാസികൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly